"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - പാലക്കാട് ചുനങ്ങാട് എ.വി.എം.എച്ച്.എസ്.ലെ എച്ച്.എസ്.ടി. (ഉർദു) ശ്രീമതി.റാഷിയ എ. ബഹു.കേരളാ ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.32518/2023-ന്റെ 04.10.2023-ലെ വിധിന്യായത്തിലെ നിർദ്ദേശം നടപ്പിൽ വരുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.2378/2024/GEDN തീയതി, തിരുവനന്തപുരം, 23-03-2024**

---

പരാമർശം:-

1. ശ്രീമതി.റാഷിയ എ.യുടെ 13.09.2023-ലെ നിവേദനം (എക്സിബിറ്റ് പി12)
2. WP(C)No.32518/2023-ന്റെ 04.10.2023-ലെ വിധിന്യായം
3. ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 18.12.2023-ലെ DEOOTP/2324(2)/2023-B5 നമ്പർ കത്ത്
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 20.12.2023-ലെ ഇഎം1/2324/2023/ഡിജിഇ നമ്പർ കത്ത്
5. പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ 21.12.2023-ലെ DDEPKD/4718/2023-B5 നമ്പർ കത്ത്

**ഉത്തരവ്**

പാലക്കാട് ചുനങ്ങാട് എ.വി.എം.എച്ച്.എസ്.ലെ എച്ച്.എസ്.ടി. (ഉർദു) ശ്രീമതി.റാഷിയ എ. ബഹു.കേരളാ ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.32518/2023-ന്റെ 04.10.2023-ലെ വിധിന്യായത്തിൽ, ഹർജിക്കാരിയെയും മറ്റുള്ളവരെയും കേൾക്കുന്നതിനും, EXT P12 (Representation dated 13.09.2023) പരിശോധിച്ച് തീരുമാനം കൈക്കൊള്ളുന്നതിനും ഒന്നാം എതിർകക്ഷിയായ പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ 22.12.2023 തീയതിയിൽ ബന്ധപ്പെട്ടവരെ google meet മുഖേന കേൾക്കുകയുണ്ടായി.

**2) ഹർജിക്കാരിയായ ശ്രീമതി. റാഷിയ എ.യുടെ അപേക്ഷ ഇപ്രകാരമാണ്:**

"പാലക്കാട് ജില്ലാ ഒറ്റപ്പാലം ചുനങ്ങാട് എ.വി.എം. ഹൈസ്കൂൾ ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കീഴിലുള്ള ഒരു എയ്ഡഡ് വിദ്യാലയമാണ്.

15.07.2021 തീയതി ശ്രീമതി.റാഷിയയെ എച്ച്.എസ്.റ്റി ഉറുദു അദ്ധ്യാപികയായി ശ്രീമതി.എൻ.പി.റംലത്തിന്റെ വിരമിക്കൽ ഒഴിവിൽ നിയമിച്ചു. ടിയാരിയുടെ നിയമനം റഗുലർ തസ്തികയിൽ ആയതിനാൽ സ.ഉ.(പി).നം.3/2019/പൊ.വി.വ തീയതി 28.02.2019 & സർക്കുലർ നം.ജെ2/57/2019/പൊ.വി.വ തീയതി 08.03.2019 എന്നീ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ അംഗീകരിക്കേണ്ടതാണ്.

പക്ഷേ നിയമനാംഗികാരം ഡി.ഇ.ഒ നിരസിച്ചു. ടി ഉത്തരവിനെതിരെ ഡി.ഡി.ഇ. മുമ്പാകെ അപ്പീൽ സമർപ്പിച്ചുവെങ്കിലും ആയത് നിരസിക്കുകയാണ് ഉണ്ടായത്. അതിനെതിരെ ഡയറക്ടർ മുമ്പാകെ അപ്പീൽ സമർപ്പിച്ചിരുന്നതും ഭിന്നശേഷിക്കാരുടെ നിയമനവുമായി ബന്ധപ്പെട്ട റിക്വിസിഷനും റോസ്റ്ററും സമർപ്പിച്ചതിനു ശേഷം നിയമന ഉത്തരവ് അംഗീകാരത്തിനു വേണ്ടി പുന:സമർപ്പിക്കുവാൻ നിർദ്ദേശിച്ചിട്ടുള്ളതാണ്. ഇതിനിടെ 2019-20 തസ്തിക നിർണ്ണയ ഉത്തരവ് പുന:നിർണ്ണയിച്ചുവെങ്കിലും എച്ച്.എസ്.റ്റി ഉറുദു തസ്തിക നിലനിർത്തിയിട്ടുള്ളതാണ്.

മാനേജർ ഭിന്നശേഷിക്കാരുടെ നിയമനവുമായി ബന്ധപ്പെട്ട റിക്വിസിഷനും റോസ്റ്ററും സമർപ്പിച്ചതിനു ശേഷം ശ്രീമതി.റാഷിയയുടെ നിയമന ഉത്തരവ് ഡി.ഇ.ഒ. മുമ്പാകെ സമർപ്പിച്ചിട്ടുള്ളതാണ്.

ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഭിന്നശേഷി നിയമനവുമായി ബന്ധപ്പെട്ട കേസിലെ ഡിവിഷൻ ബഞ്ചിന്റെ വിധി(13.03.2023)യുടെ അടിസ്ഥാനത്തിൽ സ.ഉ.(കൈ)നം.29/2023/പൊ.വി.വ തീയതി 24.03.2023 ഉണ്ടായിട്ടുള്ളതും പിന്നീട് റോസ്റ്ററും റിക്വിസിഷനും സമർപ്പിച്ച ഉടൻ 15.07.2023-ലുള്ള തീർപ്പാക്കാത്ത നിയമനാംഗീകാരങ്ങൾക്ക് അംഗീകാരം നൽകുവാൻ പൊതുവിദ്യാഭ്യാസ ഡയറക്ടറും സർക്കാരും നിർദ്ദേശിച്ചു.

റിക്വിസിഷനും റോസ്റ്ററും സമർപ്പിച്ച ശേഷം ശ്രീമതി.റാഷിയയുടെ നിയമനം താൽകാലികമായി അംഗീകരിച്ചിട്ടുള്ളതാണ്. ഭിന്നശേഷി നിയമനത്തിന് വേണ്ടി ഒരു യു.പി.എസ്.റ്റി. തസ്തിക മാനേജർ മാറ്റിവെച്ചിട്ടുള്ളതിനാൽ ടിയാരിയുടെ നിയമനം ശമ്പളസ്കെയിൽ നൽകേണ്ടതാണ്. മാനേജർ നിയമന പ്രൊപ്പോസൽ അംഗീകാരത്തിനു വേണ്ടി സമർപ്പിച്ചുവെങ്കിലും ആയത് ഇതുവരെ പരിഗണിച്ചിട്ടില്ല.

മേൽ സാഹചര്യങ്ങളുടെയും ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ ശ്രീമതി.റാഷിയ എ.യുടെ 15.07.2021 മുതൽ എച്ച്.എസ്.റ്റി(ഉറുദു) അദ്ധ്യാപികയായി വിരമിക്കൽ ഒഴിവിലുള്ള

നിയമനം അംഗീകരിച്ചു നൽകുവാൻ ഒരു ഉത്തരവ് ഉണ്ടാകണമെന്ന് അപേക്ഷിക്കുന്നു.''

**3) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ഇപ്രകാരമാണ് :**

"ചുനങ്ങാട് എ.വി.എം. ഹൈസ്കൂളിലെ എച്ച്.എസ്.ടി.(ഉർദു) അധ്യാപിക ശ്രീമതി.റാഷിയ എ. തന്റെ 15/7/2021 മുതലുള്ള നിയമനം അംഗീകരിക്കണമെന്ന് ആവശ്യപ്പെട്ട് ബഹു. ഹൈക്കോടതിയിൽ റിട്ട് പെറ്റിഷൻ ഫയൽ ചെയ്തു.

ചുനങ്ങാട് എ.വി.എം. ഹൈസ്കൂളിൽ 30/4/2020-ന് എച്ച്.എസ്.ടി.(ഉർദു) ആയിരുന്ന ശ്രീമതി.റംലത്ത് എൻ.പി. സേവനത്തിൽ നിന്നും വിരമിച്ചതു വഴിയുണ്ടായ ഒഴിവിൽ ശ്രീമതി.റാഷിയ എ.യെ 15/7/2021 മുതൽ എച്ച്.എസ്.ടി.(ഹിന്ദി) ആയി നിയമിച്ചു.

സംരക്ഷിത അധ്യാപകരെ നിയമിച്ചിട്ടില്ല എന്ന കാരണത്താൽ ടി നിയമനം ജില്ല വിദ്യാഭ്യാസ ആഫീസർ നിരസിച്ചു. തുടർന്ന് പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടർക്ക് സമർപ്പിച്ച അപ്പീൽ ടി സ്കൂളിൽ 2019-2020 വർഷം സൂപ്പർ ചെക്ക് സെൽ പരിശോധന നടത്തി സാമ്പത്തിക ബാധ്യതയും അച്ചടക്കനടപടിയും നിലനിൽക്കുന്നുണ്ട് എന്ന കാരണത്താലും ഭിന്നശേഷി സംവരണവ്യവസ്ഥയുമായി ബന്ധപ്പെട്ട കാരണത്താലും നിരസിച്ച് ഉത്തരവായിരുന്നു.

തുടർന്ന്, പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിക്കപ്പെട്ട അപ്പീൽ ഇഎം1/237214/2022 തീയതി 2/3/2023 പ്രകാരം 18/11/2018-ന് ശേഷമുള്ള പുതിയ നിയമനം ആയതിനാൽ ഭിന്നശേഷി നിയമനവ്യവസ്ഥകൾ പാലിക്കാതെ അംഗീകരിക്കാനാവില്ലെന്നും ആയത് സംബന്ധിച്ച അന്തിമവിധി വരുന്ന പ്രകാരം അപാകതകൾ പരിഹരിച്ച നിയമന പ്രപ്പോസൽ ജില്ലാ വിദ്യാഭ്യാസ ആഫീസർക്ക് പുന:സമർപ്പിക്കാൻ അനുമതി നൽകിക്കൊണ്ട് ഉത്തരവായിരുന്നു.

2016-2017 മുതൽ 2019-20 വരെയുള്ള അധിക തസ്തികകളിൽ മാനേജർ നിയമനം നടത്തിയിട്ടുണ്ടെങ്കിലും ജി.ഒ.(പി)2/2023/പൊവിവ തീയതി 23/1/2023 ഖണ്ഡിക (1) പ്രകാരം 2019-2020-ന് ശേഷം ഉണ്ടാകുന്ന അധിക തസ്തികകൾ ഒഴികെയുള്ള റഗുലർ ഒഴിവുകളിൽ ചട്ടപ്രകാരം നടത്തുന്ന നിയമനങ്ങൾ മറ്റെല്ലാ വിധത്തിലും ക്രമപ്രകാരമെങ്കിൽ അംഗീകാരം നൽകേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. മാത്രമല്ല, ജി.ഒ.(എം.എസ്)നം.101/2023/പൊവിവ തീയതി 18/7/2023 പ്രകാരം 2019-2020 വർഷം മുതലുള്ള നിയമനങ്ങൾക്ക് കെ.ഇ.ആർ. അധ്യായം 21 ചട്ടം 7(5)-ലെ നിബന്ധന പ്രകാരം

സംരക്ഷിത അധ്യാപകൻ ജോയിൻ ചെയ്താൽ മാത്രമെ മറ്റ് നിയമനങ്ങൾ അംഗീകരിക്കാൻ കഴിയു എന്ന കാരണം ഇപ്പോൾ നിലനിൽക്കുന്നില്ല.

6/7/2021-ലെ സ.ഉ.(സാധാ)3287/2021/പൊവിവ, പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ എച്ച്2/19500/2019/ഡിജിഇ തീയതി 12/7/2021 എന്നിവ പ്രകാരം 2019-2020-ലെ തസ്തിക നിർണ്ണയം തന്നെ 2021-2022 വരെ തുടരുന്നതാണെന്നും, റിട്ടയർമെന്റ്, രാജി, പ്രമോഷൻ തുടങ്ങിയ ഒഴിവുകളിൽ 15/7/2021 മുതൽ നിയമനം നടത്താവുന്നതാണെന്നും ഉത്തരവായിരുന്നു.

ചുനങ്ങാട് എ.വി.എം. ഹൈസ്കൂളിൽ 2019-2020 വർഷത്തെ ബോഗസ് അഡ്മിഷനുമായി ബന്ധപ്പെട്ട പരാതികളുടെ അടിസ്ഥാനത്തിൽ സൂപ്പർചെക്ക് സെൽ പരിശോധനയുമായി ബന്ധപ്പെട്ട്, പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നിർദ്ദേശ പ്രകാരം, ടി സ്കൂളിലെ 2019-2020 വർഷത്തെ തസ്തികനിർണ്ണയ പ്രകാരം ബോഗസ് ആണെന്ന് കണ്ടെത്തിയ കുട്ടികളെ ഒഴിവാക്കി ഭേദഗതി ചെയ്തിരുന്നു. പുനർനിർണ്ണയം ചെയ്ത തസ്തികനിർണ്ണയ ഉത്തരവ് പ്രകാരവും ശ്രീമതി.റഷിയ എ.യുടെ തസ്തിക നഷ്ടപ്പെട്ടില്ല. കൂടാതെ, അച്ചടക്ക നടപടികളും സാമ്പത്തിക ബാധ്യതയും ഈ തസ്തികയെ ബാധിച്ചിട്ടില്ല.

സർക്കാർ ഉത്തരവ് 18/2018/എസ്ജെഡി 18/11/2018-ലെ വ്യവസ്ഥകൾ പ്രകാരം ടി നിയമനത്തിന് ഭിന്നശേഷി സംവരണ വ്യവസ്ഥ ബാധകമാണ്.

സർക്കാർ ഉത്തരവ് 29/2023/പൊവിവ തീയതി 24/3/2023, ഈ കാര്യാലയത്തിലെ എച്ച്2/295299/2022/ഡിജിഇ തീയതി 31/3/2023 എന്നിവ പ്രകാരം ഭിന്നശേഷി സംവരണ വ്യവസ്ഥ പാലിക്കാത്തതിനാൽ നിയമനം അംഗീകരിക്കാത്ത കേസുകളിൽ ഭിന്നശേഷി നിയമനവുമായി ബന്ധപ്പെട്ട റോസ്റ്റർ തയാറാക്കി സമർപ്പിക്കുകയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നൽകിയ റിക്വിസിഷൻ ഫോം, കൈപ്പറ്റ് രസീത് എന്നിവ സമർപ്പിച്ചാൽ നിയമനം താൽക്കാലികമായി അംഗീകരിക്കാമെന്ന് നിർദ്ദേശിച്ചിരുന്നു. നിലവിൽ മാനേജർ റോസ്റ്റർ ഡാറ്റാ തയാറാക്കി സമർപ്പിച്ചിട്ടുണ്ട്. എന്നാൽ എച്ച്.എസ്.ടി. തസ്തികയിൽ ഭിന്നശേഷിക്കാർക്കായി തസ്തിക മാറ്റിവച്ചിട്ടില്ല. യു.പി.എസ്.ടി. തസ്തികയിൽ തസ്തിക മാറ്റിവച്ചിട്ടുണ്ട്.

മാനേജർ ഭിന്നശേഷി സംവരണം പാലിച്ചിട്ടില്ലെങ്കിലും സർക്കാർ കത്ത് നം പൊവിവ ജെആർ1/502/2023/പൊവിവ തീയതി 1/11/2023 പ്രകാരം ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് സമർപ്പിക്കുന്ന റോസ്റ്ററിലെ അപാകതയോ, റോസ്റ്റർ സമർപ്പിക്കുന്നതിലെ വീഴ്ചയോ

തടസ്സമാകാതെ 18/11/2018-നും 08/11/2021-നും ഇടയ്ക്കുണ്ടാകുന്ന ഒഴിവുകളിൽ ഭിന്നശേഷി വ്യവസ്ഥ മൂലം നിയമന അംഗീകാരം ലഭിക്കാത്തവർക്ക് താൽക്കാലികമായി അംഗീകാരം നൽകാൻ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ, പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 01/11/2023-ലെ പുറത്തെഴുത്ത് കത്ത് എച്ച്2/15133/2023/ഡിജിഇ പ്രകാരം ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് വിവിധ കാരണങ്ങളാൽ ഇതിനോടകം നിരസിക്കപ്പെട്ട് കിടക്കുന്ന എല്ലാ നിയമന ഫയലുകളും, അപ്പലേറ്റ് ഉത്തരവിന് കാത്തു നിൽക്കാതെ വിദ്യാഭ്യാസ ആഫീസർമാർ റീ ഓപ്പൺ ചെയ്ത് മറ്റ് വിധത്തിൽ ക്രമപ്രകാരമെങ്കിൽ നിയമന അംഗീകാരം നൽകേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

ആയതിനാൽ സർക്കാർ കത്ത് നം ജെആർ1/502/2023/പൊവിവ തീയതി 1/11/2023, പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പുറത്തെഴുത്ത് ഉത്തരവ് ഡിജിഇ/15133/2023/എച്ച്2 തീയതി 1/11/2023 എന്നിവയുടെ അടിസ്ഥാനത്തിൽ ചുനങ്ങാട് എവിഎം ഹൈസ്കൂളിലെ എച്ച്.എസ്.ടി. ഉർദു ആയുള്ള ശ്രീമതി റാഷിയയുടെ നിയമനം പുന:പരിശോധിക്കുകയും 15/7/2021 മുതൽ ശമ്പളസ്കെയിലിൽ താൽക്കാലികമായി അംഗീകരിച്ച് നൽകുകയും ചെയ്തിട്ടുണ്ട് എന്ന് ജില്ല വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിനാൽ അപ്പീലിലെ ആവശ്യം നിലവിലെ സാഹചര്യത്തിൽ ഭാഗികമായി പരിഹരിച്ചതായി അറിയിച്ചു കൊള്ളുന്നു."

**4)** സർക്കാർ ഇക്കാര്യം ഹർജിക്കാരിയുടെ വാദങ്ങളുടെയും സമർപ്പിച്ച രേഖകളുടെയും വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടിന്റെയും നിലവിലുള്ള ചട്ടങ്ങളുടെയും സർക്കാർ ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. വിരമിക്കൽ ഒഴിവിലുള്ള ഹർജിക്കാരിയുടെ എച്ച്.എസ്.ടി. (ഉർദു) നിയമനം 15.07.2021 തീയതി മുതൽ അംഗീകരിച്ചു നൽകണമെന്നതാണ് ഹർജിയിലെ ആവശ്യം. എച്ച്.എസ്.ടി. (ഉർദു) ആയിരുന്ന ശ്രീമതി.റംലത്ത് എൻ.വി. വിരമിച്ചതു മൂലമുണ്ടായ ഒഴിവിൽ ഹർജിക്കാരിയെ 15.07.2021 മുതൽ നിയമിച്ചു. സംരക്ഷിതാധ്യാപികയെ നിയമിച്ചിട്ടില്ല എന്നതിനാലും, 2019-20 വർഷം സൂപ്പർ ചെക്ക് സെൽ നടത്തിയ പരിശോധനയെ തുടർന്ന് സാമ്പത്തിക ബാധ്യതയും അച്ചടക്ക നടപടിയും നിലനിൽക്കുന്നതിനാലും, ഭിന്നശേഷി സംവരണ വ്യവസ്ഥകൾ മൂലവും ടി നിയമനം നിരസിച്ചു.

**5)** G.O.(P) No. 2/2023/GEDN dated 23.01.2023, G.O.(Ms)No. 101/2023 dated 18.07.2023, G.O.(Rt)No.3287/2021/GEDN dated 06.07.2021, G.O.(Ms)No.29/2023 dated 24.03.2023, Govt.Lr.No. JR1/502/2023/GEDN dated 01.11.2023 എന്നിവയുടെ അടിസ്ഥാനത്തിൽ

ഹർജിക്കാരിയുടെ നിയമനം 15.07.2021 മുതൽ അംഗീകരിക്കുന്നതിന് തടസ്സങ്ങളൊന്നും നിലനിൽക്കുന്നില്ലെന്നും; 2019-20 വർഷം സൂപ്പർ ചെക്ക് സെൽ ബോഗസ് ആണെന്ന് കണ്ടെത്തിയ കുട്ടികളെ ഒഴിവാക്കി തസ്തിക നിർണ്ണയ ഉത്തരവ് ഭേദഗതി ചെയ്തുവെന്നും; ഹർജിക്കാരിയുടെ തസ്തിക നഷ്ടപ്പെട്ടിട്ടില്ല എന്നും; അച്ചടക്ക നടപടികളും സാമ്പത്തിക ബാധ്യതയും ടി തസ്തികയെ ബാധിച്ചിട്ടില്ലെന്നും; അതിനാൽ തന്നെ ഹർജിക്കാരിയുടെ നിയമനം ജില്ലാ വിദ്യാഭ്യാസ ഓഫീസർ 15.07.2021 മുതൽ ശമ്പളസ്കെയിലിൽ താൽക്കാലികമായി അംഗീകരിച്ച് നൽകിയിട്ടുണ്ടെന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**6)** മേൽ സാഹചര്യത്തിൽ, ഹർജിക്കാരിയുടെ എച്ച്.എസ്.ടി.(ഉർദു) നിയമനം ജില്ലാ വിദ്യാഭ്യാസ ഓഫീസർ 15.07.2021 മുതൽ ശമ്പളസ്കെയിലിൽ താൽക്കാലികമായി അംഗീകരിച്ച നടപടി ശരിവച്ച്, EXT P12 ഹർജി തീർപ്പാക്കി, അപ്രകാരം പാലക്കാട് ചുനങ്ങാട് എ.വി.എം.എച്ച്.എസ്.ലെ എച്ച്.എസ്.ടി.(ഉർദു) ശ്രീമതി.റാഷിയ എ. ബഹു.കേരളാ ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.32518/2023-ന്റെ 04.10.2023-ലെ വിധിന്യായത്തിലെ നിർദ്ദേശം നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
REENA O
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം)
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, പാലക്കാട്
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഒറ്റപ്പാലം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ&ഇ), കേരള, തിരുവനന്തപുരം
മാനേജർ, എ.വി.എം.എച്ച്.എസ്., ചുനങ്ങാട്, പാലക്കാട്
ശ്രീമതി.റാഷിയ എ., എച്ച്.എസ്.ടി.(ഉർദു), എ.വി.എം.എച്ച്.എസ്., ചുനങ്ങാട്, പാലക്കാട്
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Shahna Kumari S L
Date: 23-03-2024 16:51:17
സെക്ഷൻ ഓഫീസർ